"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുളത്തൂർ ഗ്രാമ പഞ്ചായത്ത് -2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രൊജക്റ്റ് നമ്പർ 228/21- ആംബുലൻസ് വാങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt)No.373/2021/LSGD തീയതി,തിരുവനന്തപുരം, 11/02/2021

---

പരാമർശം:- 1 കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 12/05/2020-ാം തീയതിയിൽ നടന്ന സാധാരണ/അടിയന്തിര മീറ്റിംഗിന്റെ 3(1)-ാം നമ്പർ തീരുമാനം.

2 വികേന്ദ്രികൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 23/09/2020-ലെ 4.15 നമ്പർ തീരുമാനം.

**ഉത്തരവ്**

കുളത്തൂർ ഗ്രാമപഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്റ്റ് നമ്പർ 228/21 ആയി ഉൾപ്പെടുത്തി ആംബുലൻസ് വാങ്ങൽ എന്ന പദ്ധതിയ്ക്ക് 25 ലക്ഷം രൂപ അടങ്കൽ തുകയായി ഉൾപ്പെട്ടിട്ടുണ്ട്. ടി പദ്ധതിക്ക് ഡി.പി.സി അനുമതിയും ലഭ്യമായിട്ടുണ്ട്. കുളത്തൂർ ഗ്രാമ പഞ്ചായത്തിൽ രണ്ട് പി.എച്ച്.സി-കൾ നിലവിലുണ്ട്. കുളത്തൂർ പി.എച്ച്.സി, പൊഴിയൂർ പി.എച്ച്.സി. ടി പി.എച്ച്.സികളിൽ ഗുരുതരമായ അപകടങ്ങളിൽ പെട്ട് വരുന്ന രോഗികൾ, അടിയന്തിര വിദഗ്ധ ചികിത്സ ആവശ്യമായി വരുന്ന രോഗികൾ എന്നിവരെ മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ സമയബന്ധിതമായി എത്തിക്കുന്നതിനു കഴിയാത്ത സാഹചര്യം നിലവിലുണ്ടെന്നും കടൽ ക്ഷോഭം ഇടയ്ക്കിടെ ഉണ്ടാകുന്ന മേഖലയാണ് ഇവിടുത്തെ തീരദേശ മേഖലകൾ എന്നും ഈ അവസരങ്ങളിൽ സ്വന്തമായി ആംബുലൻസ് ഇല്ലാത്തതു കാരണമുള്ള ബുദ്ധിമുട്ടുകൾ നേരിട്ട സാഹചര്യം പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തിയതു പ്രകാരമാണ് പദ്ധതി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചത് എന്നും ആയതിനാൽ അനുമതി ലഭ്യമാക്കണം എന്നും അറിയിച്ചുകൊണ്ടുള്ള പരാമർശം ഒന്ന് തീരുമാനം തിരുവനതപുരം ജില്ലാ പ്ലാനിംഗ് ഓഫീസർ ലഭ്യമാക്കുകയുണ്ടായി

സർക്കാർ ഈ വിഷയം വികേന്ദ്രികൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകളോടെ പ്രസ്തുത പദ്ധതിക്ക് അനുമതി നൽകി ഉത്തരവാകുന്നു-

1. പഞ്ചായത്തിലുള്ള രണ്ട് പി.എച്ച്.സി കളിൽ ഏതെങ്കിലും ഒരു പി.എച്ച്.സിയുടെ മെഡിക്കൽ ഓഫീസർക്ക് ആംബുലൻസിന്റെ ചുമതല നല്കണം

2. ആംബുലൻസിന്റെ ആവർത്തന ചെലവ് (ഇന്ധനം, ഡ്രൈവറുടെ വേതനം, അറ്റകുറ്റപ്പണി) എന്നിവ ഇതിന്റെ വരുമാനത്തിൽ നിന്നു കണ്ടെത്തണം

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം.
സെക്രട്ടറി, കുളത്തൂർ ഗ്രാമപഞ്ചായത്ത്.
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by REENAMMA P A
Date: 2021.02.11 12:52:11 IST
Reason: Approved
സെക്ഷൻ ഓഫീസർ